ശ്രീ. കളത്തിൽ വേലായുധൻ നായർ : നാഗർകോവിൽ എക്സിക്യൂട്ടീവ് ഇൻജിനീയരെയാണ് ഈ കാര്യത്തിൽ നിയോഗിച്ചിട്ടുള്ളത്.

ശ്രീ. എ. കുഞ്ഞൻ നാടാർ : വനത്തിനുള്ളിൽ പ്രവേശിച്ച് ഈ കാര്യം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള ആഫീസർക്ക് വല്ല പ്രൊട്ടക്ഷനും നൽകിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പ്രൊട്ടക്ഷനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യ : കോതയാർ പ്രോജക്ടിൽ പരിശോധന നടത്തുന്നതിനുവേണ്ടി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആണ്ടിൽ രണ്ടുതവണയെങ്കിലും അവിടെ പോകണമെന്നു നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പോകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ എ. കെ. ചെല്ലയ്യാ : ആ നിർദ്ദേശമനുസരിച്ച് ഇപ്പോഴത്തെ ചീഫ് ഇൻജിനീയർ ഈ ആണ്ടിൽ പരിശോധിക്കാൻ പോയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അന്വേഷിച്ചു പറയാം.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ നാൺപെൻഷനബിൾ ജീവനക്കാർ.

* 1179. [4 8] ഡാക്ടർ എൻ. എസ്. പിള്ള : തൊഴിൽ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പൊതുമരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ നാൺപെൻഷനബിൾ ജോലിക്കാരെ പെൻഷനബിൾ ആക്കുന്നതിനുള്ള നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടോ ? അല്ലെങ്കിൽ ആ നടപടിയുടെ ഇന്നത്തെ സ്ഥിതി എന്തു് ? ഇനിയും സർവീസ് പെൻഷനബിൾ ആകാതെ എത്രപേർ ശേഷിക്കുന്നു;

(ബി) പെൻഷനബിൾ സർവ്വീസുകാരാകുന്ന ട്രാൻസ്പോർട്ട് ഡ്രൈവറന്മാരുടേയും, കണ്ടക്ടറന്മാരുടേയും, അടിസ്ഥാനശമ്പളം, അതു നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനം, നാൺ പെൻഷനബിൾ കാലത്തു് അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന തുകയുമായിട്ടുള്ള വ്യത്യാസം, (കൂടുതൽ എത്ര) അതിനുള്ള കാരണം ഇവയെന്താണ് ;

ഗതാഗതവും പൊതുമരാമത്തും വകുപ്പ് മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ) :

(എ) സർവ്വീസ് പെൻഷനബിൾ ആക്കിക്കൊണ്ടുള്ള ഉത്തരവ് അയച്ചുകഴിഞ്ഞു. പൂർത്തിയാക്കാൻ ആവശ്യമായ വിശദവിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ നടപടി പൂർത്തിയായതിൻ ശേഷമേ എത്രപേർ ശേഷിക്കുന്നുവെന്നു കണക്കാക്കാൻ നിവൃത്തിയുള്ളൂ.

(ബി) പെൻഷനബിൾ ആക്കുന്നതുകൊണ്ട് ഇവരുടെ അടിസ്ഥാനശമ്പളത്തിനു യാതൊരു വ്യത്യാസവും വരുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly